പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –T 1520 14.12.2012- ൽ മറുപടിക്ക്

## തൊഴിൽ രഹിതരായി മടങ്ങിവരുന്ന പ്രവാസികൾക്ക് തൊഴിലവസരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) ഗൾഫ് നാടുകളിലെ മലയാളികളുടെ തൊഴിൽ സാദ്ധ്യത കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) പ്രവാസി മലയാളികൾക്ക് അവർ ജോലി ചെയ്യുന്ന രാജ്യങ്ങളിലെ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങളിൽ വന്ന മാറ്റങ്ങൾ കാരണം ഗണ്യമായ തോതിൽ അല്ലെങ്കിൽ ആശങ്കയുളവാക്കുന്ന രീതിയിൽ ജോലി നഷ്ടപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗൾഫിലെ ചില രാജ്യങ്ങളിൽ തദ്ദേശികൾക്ക് ജോലിയിൽ നിശ്ചിത സംവരണം നൽകാനായി തൊഴിൽ നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ കാരണം കേരളത്തിൽ നിന്നു നടക്കുന്ന റിക്രൂട്ട്മെന്റിൽ നേരിയ കുറവ് കണ്ടുവരുന്നുണ്ട്. |
| (ബി) മടങ്ങിവരുന്ന പ്രവാസികൾക്കും തൊഴിൽ രഹിതർക്കും തൊഴിലവസരം ഉറപ്പുവരുത്തുന്നതിന് തദ്ദേശീയമായി എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) തിരികെയെത്തിയ പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ ധനസഹായവും ലഭ്യമാക്കുന്നതിന് വേണ്ടി ഒരു സഹായകകേന്ദ്രമായി പ്രവർത്തിച്ച് വിജയകരമായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് മൂലധന/പലിശ സബ്സിഡി വഴി സർക്കാർ സഹായം ലഭ്യമാക്കുക എന്നുള്ളതാണ് നിലവിലുള്ള പ്രവാസി പുനരധിവാസ പദ്ധതിയുടെ ഉദ്ദേശ്യം.പ്രവാസികൾ അവരുടെ സമ്പാദ്യം ഉപയോഗിച്ച സ്വയംതൊഴിൽ പദ്ധതികളും |

വികസനോന്മുഖമായ മറ്റു ചെറുകിട വ്യവസായങ്ങളും തുടങ്ങുന്നതു സഹായിക്കാനാണ് ഈ പദ്ധതി. വിവിധ മേഖലകളിൽ അംഗീകരിച്ച സംരംഭത്തിനു വേണ്ട തുകയുടെ നിശ്ചിത ശതമാനം മൂലധനം/പലിശ സബ്സിഡി നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു. ഇതിനായി 12 - ാം പദ്ധതിയുടെ ആദ്യവർഷമായ 2012 – 13 ലെ ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ കെ.എഫ്.സി, സിഡ്കോ, എസ്.ബി.റ്റി മറ്റു പൊതുമേഖല ബാങ്കുകൾ എന്നീ സ്ഥാപനങ്ങളുടെ സഹായത്തോട് കൂടിയാണ് ടി പദ്ധതി നടപ്പിൽ വരുത്താനുദ്ദേശിക്കുന്നത്. എങ്കിലും ഭാവിയിൽ ആവശ്യമെന്ന് കണ്ടാൽ മറ്റ് സ്ഥാപനങ്ങളുമായും പ്രസ്തുത പദ്ധതിയെ ബന്ധിപ്പിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ